**"ഭരണഭാഷ– മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് – ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ സംസ്ഥാനതല കർമ്മസേന യോഗ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവലോകനസമിതി യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.2753/2019/LSGD തീയതി,തിരുവനന്തപുരം, 04/12/2019**

---

പരാമർശം:- 29.10.2019-ന് ചേർന്ന ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ സംസ്ഥാനതല കർമ്മസമിതി യോഗത്തിലെ തീരുമാനം

**<u>ഉത്തരവ്</u>**

ഹരിതകേരളം – ശുചിത്വ – മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നല്ല രീതിയിൽ പുരോഗമിച്ചു വരുന്നു. സമഗ്ര മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായുള്ള പ്രോജക്ട് നിർവഹണത്തിൽ ചില പ്രായോഗിക തടസ്സങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്നതായി ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ സംസ്ഥാനതല കർമ്മസമിതി യോഗം വിലയിരുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിലൂടെയും സംയുക്ത പ്രവർത്തനങ്ങളിലൂടെയും മാത്രമേ ശുചിത്വ – മാലിന്യ സംസ്കരണ രംഗത്ത് കാര്യമായ ഫലം ഉണ്ടാക്കാൻ സാധിക്കുകയുള്ളു. ഓരോ ഏജൻസികളുടേയും ചുമതലാ നിർവഹണവും പ്രവർത്തന പങ്കാളിത്തവും നിരന്തരം വിലയിരുത്തപ്പെടേണ്ടതുണ്ട്. വ്യത്യസ്ത ഏജൻസികളുടെ പങ്കാളിത്തവും പിന്തുണയും ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ സമഗ്ര ശുചിത്വ – മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ ഫലപ്രദമായ നിർവഹണത്തിന് അനിവാര്യമായതിനാൽ ഇക്കാര്യം ഉറപ്പാക്കുന്നതിനും നിർവഹണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനും നിർവഹണ പുരോഗതി വിലയിരുത്തലിനും പ്രത്യേക ക്രമീകരണം ആവശ്യമാണെന്ന് ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ സംസ്ഥാനതല കർമ്മസമിതി യോഗത്തിൽ തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ സംസ്ഥാനതല കർമ്മസേനാ യോഗതീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവലോകനസമിതി യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഹരിതകേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനായും ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ സംസ്ഥാനതല കർമ്മസേന യോഗ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല അവലോകനം രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തേണ്ടതാണ്.

- ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഡി.പി.ഒ, ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (തൊഴിലുറപ്പ്), കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർ, ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ, ക്ലീൻ കേരള കമ്പനി അസിസ്റ്റന്റ് മാനേജർ എന്നിവർ ജില്ലാതല അവലോകന യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.
- വ്യത്യസ്ത ഏജൻസികളുടെ പങ്കാളിത്തവും പിന്തുണയും ഗ്രാമ പഞ്ചായത്ത്/നഗരസഭകളുടെ സമഗ്ര ശുചിത്വ-മാലിന്യസംസ്കരണ പ്രോജക്ടുകൾക്ക് ഉറപ്പാക്കുന്നതിനും, യഥാസമയം തടസ്സങ്ങൾ നീക്കി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേർസൺ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തൊഴിലുറപ്പ് മിഷൻ ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ എന്നിവർ പങ്കെടുത്തുകൊണ്ട് എല്ലാ മാസവും അവസാന പ്രവൃത്തി ദിവസം സംസ്ഥാനതല അവലോകന യോഗം ചേരേണ്ടതും ജില്ലാതല യോഗങ്ങളുടെ റിപ്പോർട്ട് അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്
- ജില്ലാതല അവലോകന യോഗത്തിന്റെ കൺവീനർ ശുചിത്വ മിഷൻ ജില്ലാകോർഡിനേറ്ററും സംസ്ഥാനതല അവലോകന യോഗത്തിന്റെ കൺവീനർ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായിരിക്കും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2019.12.05 15:31:33 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ)പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്